"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് — ചൂരൽമല/മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിൽ ജീവനോപാധി നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് ഉപജീവനബത്തയും അനുബന്ധ സഹായങ്ങളും അനുവദിക്കുന്നതിനായി SDRF, CMDRF നിധികളിൽ നിന്ന് വയനാട് ജില്ലാ കളക്ടർക്കു തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.103/2026/DMD തീയതി,തിരുവനന്തപുരം, 25-02-2026

---

പരാമർശം:- 1. സ.ഉ.(സാധാ) നം.224/2025/DMD തീയതി 07.04.2025

2. സ.ഉ.(സാധാ) നം.41/2026/DMD തീയതി 18.01.2026

3. വയനാട് ജില്ലാ കളക്ടറുടെ 23.02.2026ലെ DCWYD/1637/2025/DM3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിലെ ചൂരൽമല / മുണ്ടക്കൈ പ്രദേശങ്ങളിൽ 30.07.2024 ന് ഉണ്ടായ ഉരുൾപൊട്ടൽ ദുരന്തത്തെ തുടർന്ന് ജീവനോപാധി നഷ്ടപ്പെട്ട കുടുംബങ്ങളിലെ പ്രായപൂർത്തിയായ രണ്ട് വ്യക്തികൾക്ക് പ്രതിമാസം ₹9,000/- വീതം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും ഉപജീവനബത്ത അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2) പിന്നീട്, പുനരധിവാസ ടൗൺഷിപ്പ് നിർമ്മാണം പൂർത്തിയാകാത്ത സാഹചര്യം പരിഗണിച്ച്, ഉപജീവനബത്ത ജൂൺ 2026 വരെ അല്ലെങ്കിൽ വീട് നിർമ്മാണം പൂർത്തീകരിച്ച് താക്കോൽ കൈമാറുന്നതുവരെ അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകിയിരുന്നു.

3) 2025-26 സാമ്പത്തിക വർഷം (2026 മാർച്ച് വരെ) ഉപജീവനബത്ത അനുവദിക്കുന്നതിനായി ₹2,13,30,000/-രൂപയും, 2026-27 സാമ്പത്തിക വർഷം (2026 ഏപ്രിൽ മുതൽ ജൂൺ വരെ) ഉപജീവനബത്ത അനുവദിക്കുന്നതിനായി ₹3,19,95,000/- രൂപയും ചേർത്ത് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ആകെ ₹6,00,00,000/- (ആറ് കോടി രൂപ മാത്രം) ആവശ്യമുള്ളതായും, വീടുകൾ നഷ്ടപ്പെട്ട് വാടകയ്ക്ക് താമസിക്കുന്ന കുടുംബങ്ങൾക്ക് പ്രതിമാസം ₹6,000/- നിരക്കിൽ വാടകയും , ഗുരുതരമായി പരിക്കേറ്റ് കിടപ്പുരോഗികളായ വ്യക്തികൾക്ക് പ്രതിദിനം ₹300/- നിരക്കിൽ സഹായവും അനുവദിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (CMDRF) നിന്ന് ₹1,25,00,000/- (ഒരുകോടി ഇരുപത്തിയഞ്ച്

ലക്ഷം രൂപ മാത്രം) അനുവദിക്കേണ്ടതായും പരാമർശം (3) പ്രകാരം വയനാട് ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരുന്നു.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.ചൂരൽമല / മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തബാധിതർക്കുള്ള ഉപജീവനബത്ത തുടരുന്നതിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ 2245-02-101-94-01 – Flood and Other Items എന്ന ശീർഷകത്തിൽ നിന്ന് ₹6,00,00,000/- (ആറ് കോടി രൂപ മാത്രം) രൂപയും, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ₹1,25,00,000/- (ഒരുകോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) രൂപയും, ചേർത്ത് ആകെ ₹7,25,00,000/- (ഏഴ് കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) വയനാട് ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

5) SDRF വിഹിതം ജില്ലാ കളക്ടർക്ക് അനുവദിക്കാനുള്ള നടപടി ദുരന്ത നിവാരണ വകുപ്പ് ഫിനാൻസ് ഓഫീസർ സ്വീകരിക്കേണ്ടതാണ്. നടപ്പ് സാമ്പത്തിക വർഷത്തിലെ ബജറ്റ് പ്രൊവിഷനിൽ നിന്ന് ഈ തുക വിനിയോഗിക്കേണ്ടതും, തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. CMDRF വിഹിതം നൽകാനുള്ള നടപടികൾ റവന്യൂ (ഡി.ആർ.എഫ്) വകുപ്പ് സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാ കളക്ടർ, വയനാട്
റവന്യൂ (ഡി.ആർ.എഫ് - സി ) വകുപ്പ്
ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Vincent U**
**Date: 25-02-2026 11:52:16**
സെക്ഷൻ ഓഫീസർ